LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രസ്തുത സ്ഥലം വനം വകുപ്പിന്റെ അധീനതയിലുള്ളതും റിസർവ് ഫോറസ്റ്റിന് വെളിയിൽ സ്ഥിതിചെയ്യുന്നതുമാണ്. ടി സ്ഥലം മുമ്പ് ഫോറസ്റ്റ് വാച്ച് സ്റ്റേഷനായി പ്രവർത്തിച്ചിരുന്നതാണ്.

(ബി) ഇല്ല.

(സി & ഡി) ലഭ്യമായ രേഖകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അപ്രകാരം ഒരു കത്ത് ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

അച്ചൻകോവിൽ റോഡിന് സമീപമുള്ള വനഭൂമി

243 (1987) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്കോട്ടയ്ക്ക് സമീപം കേരള അതിർത്തിയിൽ അച്ചൻകോവിൽ റോഡിന് സമീപം കേരള വനം വകുപ്പിന്റെ ഉദ്ദേശം പതിനഞ്ച് ഏക്കർ വനഭൂമിയുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വസ്തുക്കൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഈ ഭൂമിയിൽ വനംവകുപ്പ് നേരിട്ട് ടൂറിസം പ്രൊജക്ട് നടപ്പിലാക്കുവാൻ തയ്യാറാകുമോ;

(ഡി) ടൂറിസ്റ്റുകൾക്ക് താമസിക്കുവാൻ കഴിയുന്ന തരത്തിൽ വനംവകുപ്പിന്റെ ചുമതലയിൽ ഇൻസ്പെക്ഷൻ ബംഗ്ലാവ് പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അച്ചൻകോവിൽ റെയിഞ്ചിന്റെ പരിധിയിൽ വരുന്ന ടി ഭൂമിക്ക് ചുറ്റുമതിൽ നിർമ്മിച്ച് സംരക്ഷിച്ചുപോരുന്നുണ്ട്. കൂടാതെ പ്രസ്തുത ഭൂമിയും അതിൽ സ്ഥിതി ചെയ്യുന്ന പഴയ ഡിപ്പോ കെട്ടിടവും വൃക്ഷലതാദികളും സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമായി ദിവസ വേതനാടിസ്ഥാനത്തിൽ താൽക്കാലിക വാച്ചറെ നിയോഗിച്ചിട്ടുണ്ട്. സംരക്ഷണ വിഭാഗം ജീവനക്കാരുടെ മേൽനോട്ടത്തിൽ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, റെയിഞ്ച് ഫോറസ്റ്റാഫീസർ എന്നിവർ യഥാസമയങ്ങളിൽ ടി ഭൂമിയുടെ സംരക്ഷണവും പരിപാലനവും നേരിട്ട് പരിശോധിച്ച് ബോദ്ധ്യപ്പെടുകയും അത് അന്യാധീനപ്പെടാതെ സൂക്ഷിച്ചു പോരുകയും ചെയ്യുന്നുണ്ട്.

(സി & ഡി) ഇപ്രകാരമുള്ള പ്രൊപ്പോസലുകളൊന്നും ഇപ്പോൾ നിലവിലില്ല. പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ടി വിഷയം പരിശോധിക്കാവുന്നതാണ്.

വനം വകുപ്പിലെ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തൽ

244 (1988) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വനം വകുപ്പിൽ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക വഴി എത്ര പേരെയാണ് ഇതുവരെ സ്ഥിരപ്പെടുത്തിയിട്ടുള്ളതെന്നും ഏതെല്ലാം തസ്തികകളിലാണ് സ്ഥിരപ്പെടുത്തൽ നടത്തിയിട്ടുള്ളതെന്നും അതിനായി സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്തെന്നും വെളിപ്പെടുത്തുമോ;

(ബി) വനം വകുപ്പിൽ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് പുറത്തിറക്കിയ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കിയോ; കൂടുതൽ ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) നിലവിൽ ജോലിചെയ്യുന്നതും 20 വർഷം പൂർത്തിയാക്കിയതുമായ ജീവനക്കാരെ സ്ഥിരപ്പെടുത്തിയ ജീവനക്കാരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 247 താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 236 പേരെ വാച്ചർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ചും, ഒരാളെ ക്ലാർക്ക് തസ്തികയിലും, ഒരാളെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിലും, 9 പേരെ ആനപാപ്പാൻ തസ്തികയിലുമാണ് സ്ഥിരപ്പെടുത്തിയിട്ടുള്ളത്. വനം വകുപ്പിൽ ദീർഘകാലമായി താൽക്കാലികമായി ദിവസ വേതനത്തിൽ ജോലി ചെയ്തുവന്നിരുന്നവരേയും ഈ ജോലിയല്ലാതെ മറ്റ് ജീവിതമാർഗ്ഗങ്ങളൊന്നുംതന്നെ കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിലും വനം വകുപ്പിന് ഇവരുടെ സേവനം തുടർന്നും ആവശ്യമാണെന്ന് കണ്ടവരെയുമാണ് സ്ഥിരപ്പെടുത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly